**പതിനാലാം കേരള നിയമസഭ**

**പതിനെട്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത**

**ചോദ്യം നമ്പർ :2559** **12.2.2020-ൽ മറുപടിയ്ക്ക്**

## മലബാർ റിവർ ക്രൂയിസ് പദ്ധതി

| ചോദ്യം<br>ശ്രീ.സി.കൃഷ്ണൻ : | മറുപടി<br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
|---|---|
| മലബാർ റിവർ ക്രൂയിസ് പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ? | കണ്ണൂർ ,കാസർഗോഡ് ജില്ലകളിലായി നടപ്പിലാക്കുന്ന മലനാട് മലബാർ റിവർ ക്രൂയിസ് പദ്ധതിയുടെ ഭാഗമായി ഭരണാനുമതി ലഭ്യമാക്കി ഇൻലാൻറ് നാവിഗേഷൻ വകുപ്പ് മുഖേന നടപ്പിലാക്കുന്ന 17 പദ്ധതികളുടെ പ്രവൃത്തി പുരോഗതി വിവരങ്ങൾ താഴെ പറയുന്നു.<br>**കണ്ണൂർ ജില്ല**<br>1. പഴയങ്ങാടി ബോട്ട് ടെർമിനൽ - പ്രവൃത്തി പൂർത്തീകരിച്ചു<br>2.പറശ്ശിനിക്കടവ് ബോട്ട് ടെർമിനൽ - പൈലിംഗ് പ്ലാറ്റ്ഫോം സ്ലാബ്, പില്ലറുകൾ, റൂഫ് ബീം എന്നിവയുടെ കോൺക്രീറ്റ് പ്രവർത്തികൾ പൂർത്തീകരിച്ചു. ഹാൻഡ് റെയിൽ വർക്കുകൾ പുരോഗമിച്ചു വരുന്നു. ആകെ (78%) ജോലികൾ പൂർത്തിയായി.<br>3.ധർമ്മടം ബോട്ട് ടെർമിനൽ - പൈലിംഗ് പ്രവർത്തി പൂർത്തീകരിച്ചു ആകെ (55%) ജോലികൾ പൂർത്തിയായി.<br>4.ചേരിക്കൽ ബോട്ട് ടെർമിനൽ - പൈലിംഗ് പ്രവർത്തി പൂർത്തീകരിച്ചു ആകെ (55%) ജോലികൾ പൂർത്തിയായി.<br>5. പാറപ്രം ബോട്ട് ടെർമിനൽ - പൈലിംഗ് പ്രവർത്തി പൂർത്തീകരിച്ചു ആകെ (55%) ജോലികൾ പൂർത്തികരിച്ചു.<br>6. ചാമ്പാട് (മമ്പറം) ബോട്ട് ജെട്ടി - ടെൻഡർ നടപടികൾ പൂർത്തീകരിച്ച് എഗ്രിമെൻറ് വച്ചു നിർമ്മാണ പ്രവർത്തികൾ ആരംഭിച്ചിട്ടില്ല.<br>7. പെരിങ്ങത്തൂർ ബോട്ട് ജെട്ടി - പൈലിംഗ് പ്രവർത്തി പൂർത്തീകരിച്ചു. പ്ലാറ്റ് ഫോം സ്ലാബ് പ്രവർത്തി പുരോഗമിച്ചു വരുന്നു. ആകെ (35%) ജോലികൾ പൂർത്തികരിച്ചു.<br>8. മോന്താൽ ബോട്ട് ജെട്ടി - പൈലിംഗ് പ്രവർത്തി പൂർത്തീകരിച്ചു. പ്ലാറ്റ്ഫോം സ്ലാബ് പ്രവർത്തി പുരോഗമിച്ചു വരുന്നു. ആകെ (42%) ജോലികൾ പൂർത്തികരിച്ചു.<br>9. കരിയാട് ബോട്ട് ടെർമിനൽ - നിർമ്മാണത്തിനുള്ള പ്രാരംഭ പ്രവർത്തികൾ പുരോഗമിക്കുന്നു.<br>10. ന്യൂ മാഹി ബോട്ട് ടെർമിനൽ -പൈലിംഗ് പ്രവർത്തി പൂർത്തീകരിച്ചു. പ്ലാറ്റ്ഫോം സ്ലാബ് പ്രവർത്തി പുരോഗമിച്ചു വരുന്നു. ആകെ (70%) ജോലികൾ പൂർത്തീകരിച്ചു<br>11. പാത്തിക്കൽ ബോട്ട് ജെട്ടി - പൈലിംഗ് പ്രവർത്തി പൂർത്തീകരിച്ചു. ആകെ (40%) ജോലികൾ പൂർത്തികരിച്ചു. |

| | | | |
|---|---|---|---|
| | | | 12.കക്കടവ് ബോട്ട് ജെട്ടി കം വാക്ക് വേ - പൈലിംഗ് പ്രവർത്തി പൂർത്തീകരിച്ചു. ആകെ (62%) ജോലികൾ പൂർത്തികരിച്ചു.<br>13.പുന്നക്കടവ് ബോട്ട് ജെട്ടി - പൈലിംഗ്, പ്ലാറ്റ്ഫോം സ്ലാബ്, പില്ലറുകൾ, റൂഫ് ബീം എന്നിവയുടെ കോൺക്രീറ്റ് പ്രവർത്തികൾ പൂർത്തീകരിച്ചു ആകെ (66%) ജോലികൾ പൂർത്തികരിച്ചു.<br>14. മുക്കുവച്ചേരി (കവ്വായി കാലികടപ്പുറം) ബോട്ട് ടെർമിനൽ - എഗ്രിമെൻറ് വച്ച് നിർമ്മാണത്തിനുള്ള പ്രാരംഭ പ്രവർത്തികൾ പുരോഗമിക്കുന്നു.<br>**കാസറഗോഡ്**<br>15. ഡെവലപ്മെൻറ് ഓഫ് കോട്ടപ്പുറം ഹൗസ് ബോട്ട് ടെർമിനൽ :- ടെണ്ടർ നടപടികൾ പൂർത്തീകരിച്ചു. കരാർ ഒപ്പു വെച്ചു. പദ്ധതി നിർമ്മാണം ഉടൻ ആരംഭിക്കും.<br>16. ബോട്ട് ജെട്ടി അറ്റ് മാലികടപ്പുറം - പദ്ധതിയുടെ നിർമ്മാണ പ്രവർത്തി ആകെ 75% ജോലികൾ പൂർത്തികരിച്ചു.<br>17. ബോട്ട് ജെട്ടി അറ്റ് മടക്കാൽ - ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു. |

സെക്ഷൻ ഓഫീസർ